പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:652 29.06.2011- ലെ മറുപടി

കെ.എസ്.ആർ.ടി.സി. വാങ്ങിയ പുതിയ ബസ്സുകൾ

ചോദ്യം ഉത്തരം

ശ്രീ. എം. ഹംസ

ശ്രീ.വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | 2001-2006 കാലഘട്ടത്തിൽ സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി എത്ര പുതിയ ബസ്സുകൾ ആണ് നിരത്തിലിറക്കിയതെന്നും ഓരോന്നിനും എത്ര രൂപ വീതമാണ് ചെലവാക്കിയതെന്നും വ്യക്തമാക്കുമോ; | (എ) | 2001-2006 കാലഘട്ടത്തിൽ 1526 ബസുകളാണ് നിരത്തിലിറക്കിയിട്ടുള്ളത്. ഈ കാലഘട്ടത്തിൽ കെ.എസ്.ആർ.ടി.സി നിരത്തിലിറക്കിയ ബസുകൾക്ക് ചെലവായ ശരാശരി തുക വിവരം ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.<br>ടാറ്റാ ബസ്സുകൾ - 12,67,764/-<br>ടാറ്റാ മിനി ബസ്സുകൾ - 8,11,511/-<br>ലൈലാന്റ് ബസ്സുകൾ - 12,62,420/-<br>ലൈലാന്റ് മിനി ബസ്സുകൾ- 8,01,000/-<br>ലൈലാന്റ് ലോഫ്ളോർ - 26,23,090/-<br>ഐഷർ മിനി ബസ്സുകൾ - 8,30,000/-<br>വോൾവോ എ.സി - 42,00,000/- |
| (ബി) | 2006 മാർച്ച് 31ന് കെ.എസ്.ആർ.ടി.സി യുടെ സഞ്ചിത നഷ്ടം എത്ര ആയിരുന്നു; | (ബി) | 2006 മാർച്ച് 31 ന് കെ.എസ്.ആർ.ടി.സിയുടെ സഞ്ചിത നഷ്ടം 1541.91 കോടി രൂപയായിരുന്നു. |
| (സി) | 2006-2011 കാലയളവിൽ കെ.എസ്.ആർ.ടി.സി എത്ര പുതിയ ബസ്സുകൾ നിരത്തിലിറക്കി; ഒരു ബസ്സിന് എത്ര രൂപ വച്ചാണ് വാങ്ങിയത്; വിശദാംശം ലഭ്യമാക്കാമോ; | (സി) | 2006-2011 കാലയളവിൽ കെ.എസ്.ആർ.ടി.സി സംസ്ഥാനത്ത് ആകെ 2970 ബസ്സുകളാണ് നിരത്തിലിറക്കിയത്. അവയിൽ 2784 എണ്ണം കെ.എസ്.ആർ.ടി.സിയുടേതും 186 എണ്ണം ജെൻറം പദ്ധതിയിൽപ്പെട്ട ബസ്സുകളുമാണ്. ബസുകൾക്ക് ചെലവായ ശരാശരി തുക വിവരം ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.<br>ടാറ്റാ ബസ്സുകൾ - 11,37,567/-<br>ലൈലാന്റ് ബസ്സുകൾ - 11,64,397/-<br>ടാറ്റാ ഫുള്ളി ബിൽറ്റ് എ.സി - 32,00,000/-<br>ലൈലാന്റ് ഡബിൾ ഡക്കർ - 31,50,027/-<br>ലൈലാന്റ് വെസ്റ്റിബ്യൂൾ -31,98,565/-<br>വോൾവോ (JnNURM) - 81,44,188/-<br>ലൈലാന്റ് (JnNURM) - 26,29,928/- |
| (ഡി) | കെ.എസ്.ആർ.ടി.സി യുടെ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനായി | (ഡി) | 1. പ്രതിവർഷം 1000 പുതിയ ബസ്സുകൾ നിരത്തിലിറക്കി കിലോമീറ്റർ |

| | | | |
|---|---|---|---|
| | 2006-2011 കാലത്ത് എന്തെല്ലാം നടപടികൾ ആണ് സർക്കാർ സ്വീകരിച്ചതെന്ന് വിശദമാക്കാമോ; | | ഓപ്പറേഷൻ വർദ്ധിപ്പിച്ചും സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കുകയും വഴി പ്രതിദിന വരുമാനം വർദ്ധിപ്പിക്കുന്നതിനും ബസ് വാങ്ങൽ, ബോഡി നിർമ്മാണം, ഇന്ധനച്ചെലവ്, ടയർ സ്പെയർ പാർട്സ് എന്നിവയിൽ ഉണ്ടാകുന്ന ചിലവ് പരമാവധി കുറയ്ക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. പ്രവർത്തനേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ബസ് സ്റ്റേഷനുകളോടനുബന്ധിച്ച് ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച് വരുന്നു. പരസ്യങ്ങളിൽ നിന്നുള്ള വരുമാനം പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വികരിച്ചു വരുന്നു.<br>2. ഇന്ധനക്ഷമത വർദ്ധിപ്പിക്കുവാനുള്ള നടപടികളുടെ ഭാഗമായി ഡ്രൈവർമാർക്കും മെക്കാനിക്കൽ ജീവനക്കാർക്കും പ്രത്യേക പരിശീലനം നൽകി വരുന്നുണ്ട്. ഇതിന്റെ ഫലമായി ഇന്ധനച്ചെലവ് കുറയ്ക്കുവാനും പ്രതിമാസം 3 1/2 ലക്ഷത്തോളം ലിറ്റർ ഡീസലും അതുവഴി 1,40,00,000/- രൂപ ലാഭിക്കുവാനും കഴിഞ്ഞു. അടിയ്ക്കടിയുണ്ടാകുന്ന ഡീസൽ വില വർദ്ധനവ് മൂലമുള്ള അധിക ചെലവ് കണക്കിലെടുത്ത് ഡീസലിന് പകരം സി.എൻ.ജി ഉപയോഗിക്കുന്നതിന്റെ സാധ്യതകൾ ആരാഞ്ഞ് വരുന്നു. ഇതിലൂടെ ഇന്ധനച്ചെലവിൽ 40% ലാഭം പ്രതീക്ഷിക്കുന്നു. ചേസീസ് വാങ്ങുന്നതിന് ഓപ്പൺ ടെണ്ടർ നടപ്പാക്കി. വർക്ക്ഷോപ്പുകൾ പുനരുദ്ധരിച്ച് അവിടെത്തന്നെ **whole metal** ബസ്ബോഡികൾ നിർമ്മിച്ച് ഇറക്കുവാൻ ആരംഭിച്ചു. ഇപ്രകാരം എ.സി ബസുകൾ ഒഴികെയുള്ള എല്ലാത്തരം ബസ്സുകളുടേയും ബോഡികൾ പൂർണ്ണമായും കെ.എസ്.ആർ.ടി.സിയുടെ വർക്ക്ഷോപ്പുകളിലായി നിർമ്മിച്ചു വരുന്നു. ഇതിലൂടെ മുൻകാലങ്ങളിൽ പണി കഴിപ്പിച്ച ബസ്സുകളുടെ |

| | | | |
|---|---|---|---|
| | | | ചെലവിനെ അപേക്ഷിച്ച് കുറഞ്ഞ നിരക്കിൽ ബസുകൾ പണി തീർക്കുവാൻ കഴിഞ്ഞു. ഇവ ഈടുറ്റതായതിനാൽ ആയുർദൈർഘ്യം കൂടുകയും അറ്റകുറ്റപ്പണികൾ വഴിയുള്ള ചെലവ് കുറയ്ക്കാനാവുകയും തന്മൂലം കെ.എസ്.ആർ.ടി.സിയ്ക്ക് അധിക ലാഭം ഉണ്ടാക്കുവാനും കഴിഞ്ഞിട്ടുണ്ട്.<br>3. കെ.എസ്.ആർ.ടി.സിയുടെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനും സമഗ്ര പുനരുദ്ധാരണത്തിനുമായി മന്ത്രിസഭാ ഉപസമിതിയുടെ ശുപാർശകൾ അംഗീകരിച്ച് സർക്കാർ 11 ശുപാർശകൾ അടങ്ങിയ ഒരു പാക്കേജ് നടപ്പിലാക്കുവാൻ സർക്കാർ ഉത്തരവ് നമ്പർ 10/2008/ഗതാഗതം തീയതി 26.02.2008 ആയി ഉത്തരവ് ഇറക്കിയിട്ടുണ്ട്.<br>സർക്കാർ നിർദ്ദേശിച്ച എല്ലാ ശുപാർശകളും നടപ്പിലാക്കി വരുന്നു.<br>4. കെ.എസ്.ആർ.ടി.സി പ്രതിവർഷം 1000 ബസുകൾ ഇറക്കാൻ തുടങ്ങിയതു മുതൽ കഴിഞ്ഞ 3 വർഷത്തിനകം 1300 ഷെഡ്യൂളുകൾ കൂടുതലായി ഓപ്പറേറ്റ് ചെയ്യുകയും കെ.എസ്.ആർ.ടി.സിയുടെ പൊതുഗതാഗത രംഗത്തെ സംഭാവന 2005 ലെ 13% ൽ നിന്ന് 27% ആക്കി വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. ചെയിൻ സർവ്വീസുകൾ തുടങ്ങിയതുമൂലം പ്രത്യേകിച്ച് മലബാർ മേഖലയിലെ യാത്രാക്ലേശം പരമാവധി പരിഹരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.<br>കെ.എസ്.ആർ.ടി.സിയുടെ ഷെഡ്യൂളുകളിലുണ്ടായ വർദ്ധനവും സ്വകാര്യബസുകളിൽ ചിലർ ഈ രംഗത്ത് നിന്ന് പിൻമാറിയതുമൂലമാണ് ഈ വളർച്ച കൈവരിക്കാൻ കഴിഞ്ഞത്. |
| (ഇ) | ഒറ്റപ്പാലം - തൃശൂർ, മണ്ണാർക്കാട് - തൃശൂർ ചെയിൻ സർവ്വീസ് പരിഗണനയിലുണ്ടോ; എത്ര ബസ്സ് ഇതിന് വേണ്ടിവരുമെന്നും എന്ന് മുതൽ ഈ ബസ്സുകൾ ഓടി | (ഇ) | ഒറ്റപ്പാലം-തൃശ്ശൂർ സർവ്വീസ് ഇപ്പോൾ പരിഗണനയിലുണ്ട്. ഇതിലേയ്ക്കായി 11 ബസുകൾ ആവശ്യമാണ്.<br>മണ്ണാർക്കാട്-തൃശ്ശൂർ സർവ്വീസും പരിഗണനയിലുണ്ട്. ഇതിലേയ്ക്കായി |

| | | | |
|---|---|---|---|
| | തുടങ്ങുമെന്നും വിശദമാക്കാമോ? | | 5 ബസുകൾ ആവശ്യമാണ്. ഒറ്റപ്പാലം-തൃശ്ശൂർ ചെയിൻ സർവ്വീസ് ആരംഭിക്കുന്നതിന് വേണ്ടി തൃശ്ശൂർ, മണ്ണാർക്കാട്, പുതുക്കാട് എന്നീ യൂണിറ്റുകളിൽ നിന്നായി 18 ഷെഡ്യൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ബസ്സിന്റെയും ജീവനക്കാരുടെയും അഭാവം മൂലം സർവ്വീസുകൾ ആരംഭിക്കാനായിട്ടില്ല. ബസ്സിന്റെയും ജീവനക്കാരുടെയും ലഭ്യതയ്ക്കനുസരിച്ച് ഈ സർവ്വീസുകൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ